(ഡി) തൊഴിലെടുക്കുന്ന ശിശുക്കൾക്ക് ഹോസ്റ്റൽ സൗകര്യം നൽകാനും ഔപചാരിക വിദ്യാഭ്യാസം തൊഴിലിനോടൊപ്പം നടത്തുവാനുമുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) സുപ്രീം കോടതി നിർദ്ദേശപ്രകാരം നിശ്ചിതസമയ പരിധിക്കുള്ളിൽ ജില്ലാ കളക്ടർമാർ മുഖേന നടത്തിയ സർവ്വേയുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു പൂർണ്ണ റിപ്പോർട്ട് ബഹു: സുപ്രീം കോടതിയ്ക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(സി) കുട്ടികളുടെ പുനരധിവാസത്തിനായി ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ "ചൈൽഡ് ലേബർ കം വെൽഫെയർ സൊസൈറ്റികൾ" രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; എന്നാൽ ശിശു തൊഴിലാളി പുനരധിവാസനിധി പ്രത്യേകമായി രൂപീകരിച്ചിട്ടില്ല. ഇപ്പോഴുള്ള ചൈൽഡ് ലേബർ കം വെൽഫെയർ സൊസൈറ്റികൾക്ക് കുട്ടികളെ കൊണ്ട് അപകടകരമായ തൊഴിൽ ചെയ്യിപ്പിക്കുന്ന തൊഴിൽദായകരെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള 20,000 രൂപ വാങ്ങുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അപകടകരമല്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്ക് ദിനംപ്രതി രണ്ട് മണിക്കൂറിൽ കുറയാത്ത അനൗപചാരിക വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനായി, വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഒരു കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളുടെ എണ്ണം കൂടുതലുള്ള സ്ഥലങ്ങളിൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് വരുന്നു.

കർഷകർക്ക് വേണ്ടി സഹകരണ മേഖലയിൽ പദ്ധതികൾ

18(*198) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്ക് വേണ്ടി സഹകരണ മേഖലയിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

+ അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതികൾ കൊണ്ട് സംസ്ഥാനത്ത് എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട് ;

(ഡി) ഈ പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി എന്ത് തുക ഇതുവരെ ചെലവായിട്ടുണ്ട് ;

(ഇ) കർഷകർക്ക് വേണ്ടി അനുവദിച്ച പ്രൊഡക്ഷൻ ബോണസ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇത് അനുസരിച്ചുള്ള ആനുകൂല്യം പൂർണ്ണമായും കർഷകർക്ക് ലഭിച്ചിട്ടുണ്ടോ;

(ജി) കർഷകരുടെ താല്പര്യത്തിന് വേണ്ടി ഏതെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ സർക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) സംസ്ഥാനത്ത് കർഷകർക്ക് വേണ്ടി സംസ്ഥാന സഹകരണ ബാങ്കും സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും നബാർഡിന്റെയും എൻ.സി.ഡി.യുടെയും സാമ്പത്തിക സഹായത്തോടുകൂടിയും അല്ലാതെയും വിവിധതരം പദ്ധതികൾ ആവിഷ്ക്കരിക്കുകയും പദ്ധതി വായ്പകൾ വളരെക്കാലമായി നൽകിവരുകയും ചെയ്യുന്നുണ്ട്. എല്ലാ വർഷവും നൽകിവരുന്ന ഹ്രസ്വ മദ്ധ്യകാല, ദീർഘകാല വായ്പകൾക്ക് പുറമേ സംസ്ഥാന സഹകരണ ബാങ്ക് ഈ വർഷം ആറ് പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്ക് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾക്കൊണ്ട് 38,720 കർഷകർക്കും സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിലൂടെ ഓരോ വർഷവും ശരാശരി 45,000 കർഷകർക്കും പ്രയോജനം ലഭിക്കുന്നുണ്ട്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക് ഇതുവരെ പുതിയ പദ്ധതികൾക്കായി 2,435.06 ലക്ഷം രൂപയും സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 31.3.99 വരെ മൊത്തം 1637.92 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഇ) കർഷകർക്ക് വേണ്ടി നടപ്പിലാക്കിയിട്ടുള്ള അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോഴ്സ് പദ്ധതിയാണ് ഇപ്പോഴും നിലവിലുള്ളത്. 2 ഹെക്ടർ വരെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ, കാർഷിക ആവശ്യത്തിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന 25000 രൂപ വരെ ഉള്ള വായ്പകൾ മുതലും പലിശയും കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ കൃത്യമായി തിരിച്ചടയ്ക്കുന്ന മുതൽ തുകയുടെ 5% റിലീഫ് ആയി അനുവദിക്കുന്നതാണ് പദ്ധതി.

(എഫ്) ഇത് അനുസരിച്ചുള്ള ആനുകൂല്യം ഇനിയും കർഷകർക്ക് കൊടുക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) സെൽഫ് ഹെൽപ്പ് പദ്ധതി വിപുലികരിക്കാനും കിസാൻ ക്രഡിറ്റ് കാർഡ് കൂടുതൽ പ്രബലമാകാനും ഉദ്ദേശിക്കുന്നു.

ദുർബലവിഭാഗങ്ങൾക്കും പരമ്പരാഗത വ്യവസായ തൊഴിലാളികൾക്കും സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ക്ഷേമപദ്ധതികൾ

19(*199) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങളുടേയും പരമ്പരാഗത വ്യവസായതൊഴിലാളികളുടേയും ക്ഷേമം മുൻനിർത്തി സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങൾക്കും പരമ്പരാഗത വ്യവസായതൊഴിലാളികൾക്കും തിരിച്ചടവ് ഇല്ലാത്ത ഭവന നിർമ്മാണ വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഭവന നിർമ്മാണ വായ്പയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) തിരിച്ചടവില്ലാത്ത ഭവന നിർമ്മാണ വായ്പ പദ്ധതി സംസ്ഥാനത്തെ ഏതൊക്കെ ഏജൻസികൾ മുഖേനയാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത ഭവന നിർമ്മാണ വായ്പാ പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്തെ കൈവശഭൂമിക്ക് പട്ടയമില്ലാത്തവരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശമുണ്ടോ ;

(എച്ച്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങളുടേയും പരമ്പരാഗത വ്യവസായ തൊഴിലാളികളുടേയും ക്ഷേമത്തിനായി ഓട്ടോറിക്ഷ മോട്ടോർ ട്രാൻസ്പോർട്ട് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘം, തയ്യൽ തൊഴിലാളി സഹകരണ സംഘം, വികലാംഗ

LIBRARY ARCHIVES Kerala Legislative Assembly